S-2021
30/12/2021

25/01/22


# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.2745 (5)/16/SIC
## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം
## File No. 1940/SIC-G7/2016

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ
ഉത്തരവ് തീയതി: 30.12.2021

**ശ്രീ. ഗോപി ചക്കുന്നത്ത്,**
**S/o നാരായണി അമ്മ, ഗോപികാസ്,**
**ചേലക്കര, തൃശ്ശൂർ.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ചേലക്കര ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**ചേലക്കര, തൃശ്ശൂർ.**

2. **അപ്പീൽ അധികാരി,**
**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,**
**തൃശ്ശൂർ.** } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 20.10.2015 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 18.11.2015 |
| ഒന്നാം അപ്പീൽ | 17.12.2015 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 18.01.2016 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 17.02.2016 |
| ഹിയറിംഗ് തീയതി, സ്ഥലം | 29.10.2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം. |
| എതിർകക്ഷി<br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.ഗോപി ചക്കുന്നത്ത് 20.10.2015 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് (എസ്.പി.ഐ.ഒ) ആവശ്യപ്പെട്ടിരുന്നത് ചേലക്കര ഗ്രാമപഞ്ചായത്തിൽ നിലവിൽ നഷ്ടപ്പെട്ടിട്ടുള്ളതും തെരഞ്ഞ് കാണാത്തതുമായ രേഖകളുടേയും ഫയലുകളുടേയും വിവരങ്ങൾ കാണുന്ന രജിസ്റ്റർ/റിക്കാർഡിന്റെ പകർപ്പ്

ലഭ്യമാക്കുക, നിൽവിൽ നഷ്ടപ്പെട്ടതായോ തെരഞ്ഞ് കണ്ടുകിട്ടാത്തതായോ ഉള്ള രേഖകളുടെയും ഫയലുകളുടെയും പകർപ്പ് ലഭ്യമാക്കുക എന്നതുമായി ബന്ധപ്പെട്ട 5 വിവരങ്ങളായിരുന്നു.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 18.11.2015 ൽ നൽകിയ മറുപടിയിൽ തൃപ്തനാകാതെ 17.12.2015 ൽ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ 18.01.2016 ൽ തീർപ്പാക്കുകയും ചെയ്തു.

3. ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. ടി അപ്പീൽ ഹർജി ഫയലിൽ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കുന്നതിനായി 29.10.2021 ന് ഹിയറിംഗ് പോസ്റ്റ് ചെയ്യുകയും, ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷിയും അപ്പീൽ ഹർജിക്കാരനും ഹാജരാകുകയും ചെയ്തു.

4. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ ഏതെങ്കിലും പ്രത്യേക രേഖ ആവശ്യപ്പെട്ടുകൊണ്ടുള്ളതല്ലെന്നും ചേലക്കര ഗ്രാമപഞ്ചായത്തിൽ നിന്ന് നഷ്ടപ്പെട്ടതും തെരഞ്ഞ് കാണാത്തതും പിന്നീട് ലഭിച്ചതുമായ രേഖകളുടെയും ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിവച്ചിട്ടില്ലെന്നും നിലവിൽ ടി ചോദ്യങ്ങൾക്ക് പ്രസക്തി ഇല്ലെന്നും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് നാളിതുവരെയായി മറുപടിയൊന്നും ലഭ്യമായില്ലെന്നും ആയതിനാൽ കൃത്യമായ മറുപടി ലഭ്യമാക്കണമെന്നും ഹർജിക്കാരൻ കമ്മീഷന് മുമ്പാകെ മൊഴി നൽകുകയുണ്ടായി.

5. അപ്പീൽ ഹർജിയും അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒ നൽകിയതായി കാണുന്നില്ല. കമ്മീഷനിൽ നിന്നും 13.10.2021

തീയതിയായി അയച്ച കത്തിന്മേൽ 7 ദിവസത്തിനകം കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നെങ്കിലും എസ്.പി.ഐ.ഒ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡീഷ്യൽ പ്രവൃത്തിയാണ് അതിനായി ഹിയറിംഗ് നോട്ടീസ് ലഭിക്കുമ്പോൾ കൃത്യമായും പ്രസ്തുത കത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്. കമ്മീഷന്റെ നേർവിചാരണയിൽ കമ്മീഷനെയും കമ്മീഷണറെയും അവഹേളിക്കുന്ന രീതിയിലാണ് എസ്.പി.ഐ.ഒ പെരുമാറിയത്. കമ്മീഷനോടുള്ള സമീപനം ഇത്തരത്തിലുള്ളതാണെങ്കിൽ ഒരു സാധാരണ പൗരനോടുള്ള സമീപനം എങ്ങനെയാകാം എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. മാത്രമല്ല 6(1) അപേക്ഷയ്ക്ക് മറുപടി നൽകിയപ്പോൾ അപ്പീൽ അധികാരിയുടെ പേരും വിലാസവും അപ്പീൽ സമർപ്പിക്കേണ്ട സമയപരിധിയും രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ പോലും ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചതായി കാണുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകേണ്ടതാണെന്ന് 18.01.2016 ലെ കത്ത് മുഖാന്തിരം അപ്പീൽ അധികാരി ഉത്തരവ് നൽകിയെങ്കിലും എസ്.പി.ഐ.ഒ ഉത്തരവ് നടപ്പിലാക്കിയതായി കാണുന്നില്ല. വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കാതിരുന്നത് വിവരാവകാശ നിയമത്തോടുള്ള ലംഘനവും കമ്മീഷനോടുള്ള അവഹേളനവുമാണ്. എസ്.പി.ഐ.ഒ യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. ഇപ്രകാരം വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

6. അപ്പീൽ ഹർജിക്കാരൻ 20.10.2015 ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന പകർപ്പുകളും വിവരങ്ങളും ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ടിയാന് ലഭ്യമാക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ഡിസംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Jn